നം. സി.ഇ.ഇ/4848/2013/KEAM 2014/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# KEAM-2014 : കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2014-ലെ മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ആയുർവേദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക്ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, വിവിധ സാമുദായിക സംവരണം / പ്രത്യേക സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഓരോ കാറ്റഗറിയിലും വിദ്യാർത്ഥികളുടെ സ്ഥാനം സൂചിപ്പിക്കുന്നതാണ് ഈ ലിസ്റ്റ്. കാറ്റഗറി ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച സാമുദായിക / പ്രത്യേക സംവരണങ്ങളുടെയും, വിദ്യാർത്ഥികൾ സമർപ്പിച്ച വാർഷിക കുടുംബ വരുമാനത്തിന്റെയും വിവരങ്ങൾ 10.06.2014 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം 14.06.2014 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിശോധിച്ച ശേഷമാണ് പ്രസ്തുത കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്.

വിവിധ കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളത് സംബന്ധിച്ച കാര്യങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും പ്രവേശന സമയത്ത് 2014–ലെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ്സ് 6.2 പ്രകാരമുള്ള യോഗ്യതകൾ ഇല്ലാത്ത പക്ഷം ഒരു വിദ്യാർത്ഥിക്ക് മേൽപറഞ്ഞ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

തിരുവനന്തപുരം
17.06.2014

പ്രവേശന പരീക്ഷാ കമ്മീഷണർ